**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2326** **16-03-2022 - ൽ മറുപടിയ്ക്ക്**

**എക്കൽ മാലിന്യം നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | 2019-ലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിലെ പുഴകളിലും തോടുകളിലും അടിഞ്ഞുകൂടിയ എക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടത്തിയ നടപടികൾ വിശദമാക്കാമോ; ഏതെല്ലാം ജലാശയങ്ങളിലാണ് എക്കൽ അടിഞ്ഞുകൂടിയതെന്നും ഇവ ഏതെല്ലാം തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിലാണെന്നും അറിയിക്കാമോ; | (എ) | നിലമ്പൂർ നഗരസഭാ പരിധിയിൽ 2019-ലെ പ്രളയത്തിൽ പ്രധാനമായും ചാലിയാർ പുഴ, കുതിരപ്പുഴ എന്നീ പുഴകളുടെ ഇരുവശങ്ങളിലും നഗരസഭയിലെ വെളിയംതോട്, മയ്യന്താണി തോട്, മുക്കട്ടതോട് മുതലായ പ്രധാന തോടുകളിലും എക്കൽ അടിഞ്ഞുകൂടി അതിരൂക്ഷമായ പ്രളയത്തിന് നഗരം സാക്ഷ്യം വഹിച്ചിട്ടുള്ളതാണ്. ആയതിനാൽ നിലമ്പൂർ നഗരസഭയിലെ തോടുകളിലും സി.എൻ.ജി.റോഡിന്റെ വശങ്ങളിലും അടിഞ്ഞുകൂടിയ ചെളികളും മറ്റും അടിയന്തിരമായി നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ വിളിച്ച് ടി പ്രവൃത്തി മാതൃകാപരമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ചാലിയാർ, കുതിരപ്പുഴ എന്നിവിടങ്ങളിൽ അടിഞ്ഞു കൂടിയ എക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. നിലമ്പൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ചുങ്കത്തറ, ചാലിയാർ, മൂത്തേടം, വഴിക്കടവ്, പോത്തുകല്ല് ഗ്രാമപഞ്ചായത്തുകൾ ജില്ലാ ദുരന്തനിവാരണ സമിതിയുമായി ചേർന്ന്, പുഴകളിൽ അടിഞ്ഞു കൂടിയ മാലിന്യങ്ങൾ ടെണ്ടർ നടപടികൾ സ്വീകരിച്ച് നീക്കം ചെയ്തിട്ടുണ്ട്. തിരുവാലി, എടക്കര, മമ്പാട് ഗ്രാമ പഞ്ചായത്തുകൾ ജനകീയ പങ്കാളിത്തത്തോടുകൂടി മാലിന്യം നീക്കം ചെയ്തിട്ടുണ്ട്. കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ ടെണ്ടർ നടപടി സ്വീകരിച്ചിരുന്നുവെങ്കിലും വെള്ളം കെട്ടിനിന്നതിനാൽ മാലിന്യം നീക്കം ചെയ്യുന്നതിന് സാധിച്ചിട്ടില്ല. കരുളായി ഗ്രാമപഞ്ചായത്തിൽ പുഴയിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ തനത് ഫണ്ട് ഉപയോഗിച്ച് നീക്കം ചെയ്തിട്ടുണ്ട്. നിലമ്പൂർ നിയോജകമണ്ഡലത്തിൽ, എക്കൽ അടിഞ്ഞുകൂടിയ പുഴകളും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ |

| | | | |
|---|---|---|---|
| | | | വിശദാംശങ്ങളും ചുവടെ ചേർക്കുന്നു . മൂത്തേടം, എടക്കര – പുന്നപുഴ കരുവാരക്കുണ്ട് - ഒലിപ്പുഴ കറുളായി - കരിമ്പുഴ ചാലിയാർ - കാഞ്ഞിരപുഴ, കുറുവമ്പുഴ, ചുങ്കത്തറ മമ്പാട് - ചാലിയാർ വഴിക്കടവ് - പുന്നപുഴ, കാരക്കോടൻ, കലക്കൻപുഴ പോത്തുകല്ല് - ചാലിയാർ, നീർപുഴ തിരുവാലി - ചെള്ളിത്തോട്, കോഴിപറമ്പ് തോട് |
| (ബി) | കഴിഞ്ഞ വർഷം തദ്ദേശസ്ഥാപനങ്ങൾ മുഖാന്തിരം എക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യാൻ ടെൻഡർ പൂർത്തീകരിച്ചിരുന്നുവെങ്കിലും മഴക്കാലമായതിനാൽ പ്രസ്തുത പ്രവൃത്തി ചെയ്യാനായില്ലെന്ന വിവരം പരിശോധിക്കുമോ; എക്കൽ നീക്കം ചെയ്യാത്തതിനാൽ ചെറിയ മഴയ്ക്ക് പോലും ജലാശയങ്ങൾ കരകവിഞ്ഞ് ജനങ്ങൾക്ക് ദുരിതമുണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധിക്കുമോ; | (ബി) | മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ ജില്ലാകളക്ടറുടെ അനുമതിയോടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിരുന്നെങ്കിലും വെള്ളം കെട്ടിനിന്നതിനാൽ മാലിന്യം നീക്കം ചെയ്യാൻ സാധിച്ചിട്ടില്ല. |
| (സി) | പ്രളയ സാധ്യത മുന്നിൽ കണ്ട് അടുത്ത മഴയ്ക്ക് മുൻപായി ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ തദ്ദേശസ്ഥാപനങ്ങൾ മുഖാന്തിരം നീക്കം ചെയ്യുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് അടിയന്തര നിർദ്ദേശം നൽകാമോ; നടപടികൾ സ്വീകരിക്കുമോ? | (സി) | മഴക്കാലത്തോടനുബന്ധിച്ചുള്ള പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി നടപ്പിലാക്കേണ്ട മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 22/02/2022 -ലെ 31/DC1/2022/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം, ജലസ്രോതസ്സുകളുടെ ശുചീകരണം സംബന്ധിച്ചും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തങ്ങൾ സംബന്ധിച്ചും വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ